بسم الله الرحمن الرحيم



# സഹോദരന്മാരുടെ ന്യൂനതകൾ മറച്ചുവെക്കുക.
# സ്വർഗത്തിൽ പ്രവേശിക്കാം.

അല്ലാഹുവിന്റെ ഒരു നാമം سَتَارْ എന്നതാണ്. سَتَارْ എന്നതിന് നിഘണ്ടുവിൽ നൽകിയിരിക്കുന്ന അർത്ഥം മറഞ്ഞിരിക്കുന്ന അസ്തിത്വം എന്നാണ്. അല്ലാഹുവിനെ സംബന്ധിച്ച് പറയുമ്പോൾ اَللهُ سَتَارُ الْعُيُوْبِ . തെറ്റുകളും ന്യൂനതകളും മറച്ചുവെക്കുന്നത് അല്ലാഹുവിന്റെ അസ്തിത്വമാണ്. അല്ലാഹു മനുഷ്യന്റെ തെറ്റുകളും ന്യൂനതകളും മറച്ചുവെക്കുക മാത്രമല്ല ചെയ്യുന്നത്, മറിച്ച് മറച്ചുവെക്കുന്നതിനെ അവൻ ഇഷ്ടപ്പെടുകയും ചെയ്യു ന്നു എന്ന് ഹദീസിൽ വന്നിട്ടുണ്ട്. മുസ്നദ് അഹ്മദിൽ വന്നിരിക്കുന്ന ഒരു ഹദീസിൽ തിരുനബി(സ) ഇപ്രകാരം പറഞ്ഞതായി കാണാം. اِنَّ اللهَ عَزَّوَجَلَّ يُحِبُّ الْحَيَاءَ وَ السَّتْرَ ഹദ്റത്ത് യഅ്ലബ്നു ഉമയ്യാ (റ) രിവായത്ത് ചെയ്യുന്നു; തിരുനബി(സ) അരുളി, നിശ്ചയമായും അല്ലാഹു ലജ്ജയേയും മറച്ചുവെക്കുന്നതിനേയും ഇഷ്ടപ്പെടുന്നു.

മറ്റൊരു ഹദീസ് ഇപ്രകാരമാണ്. സ്വഫ്വാൻ ബ്നു മുഅ്രിബ് വിവരിക്കുന്നു. ഒരാൾ ഹദ്റത്ത് ഇബ്നു ഉമർ (റ)നോട് ചോദിച്ചു, താങ്കൾ റസൂൽ(സ)യിൽ നിന്നും രഹസ്യകാര്യങ്ങളെ കുറിച്ച് എന്താണ് കേട്ടിട്ടുള്ളത്? അദ്ദേഹം പറഞ്ഞു, തിരുനബി(സ) അരുളി, നിങ്ങൾ നിങ്ങളുടെ നാഥന്റെ വളരെ അടുത്തെത്തുന്നതും അങ്ങനെ അവന്റെ തണൽ നിങ്ങളിൽ വരുന്നതുമാണ്. അപ്പോൾ അല്ലാഹു ആ ദാസനോട് ചോദിക്കും, നീ ഇന്ന ഇന്ന പ്രവൃത്തികളൊക്കെ ചെയ്തിരുന്നില്ലേ? അതെ എന്ന് അവൻ മറുപടി പറയും. ഇതും ചെയ്തിരുന്നില്ലേ? അപ്പോൾ ആ ദാസൻ പറയും, അതെ. ഇതെല്ലാം സമ്മതിച്ചതിനുശേഷം അല്ലാഹു അവനോട് പറയും ആ ലോകത്ത് ഞാൻ ഇതെല്ലാം മറച്ചുവെച്ചു. ഇന്ന് ഖിയാമത്ത് നാളിലും നിന്റെ ന്യൂനതകൾ ഞാൻ മറച്ചുവെക്കുന്നു. നീ ചെയ്തുപോയ എല്ലാ തെറ്റുകളും ഞാൻ പൊറുത്തുതരികയും ചെയ്യുന്നു.

തന്റെ ദാസരുടെ ന്യൂനതകൾ മറച്ചുവെച്ചുകൊണ്ട് അവർക്ക് പൊറുത്തുകൊടുത്ത സ്നേഹനിധിയായ അല്ലാഹുവാണിത്. ഹദ്റത്ത് മസീഹ് മൗഊദ് (അ) ഒരു സ്ഥലത്ത് അരുളുന്നു, മറ്റു മതസ്ഥർ അല്ലാഹുവിന്റെ ന്യൂനതകൾ മറച്ചുവെക്കുക എന്ന ഗുണം സമർപ്പിച്ചിട്ടില്ല. അവർക്ക് ഇങ്ങിനെ ഒരു സദ്ഗുണത്തെ കുറിച്ചുള്ള കാഴ്ച്ചപ്പാടുണ്ടായിരുന്നെങ്കിൽ അവർ കൃസ്ത്യാനികൾ പാപപരിഹാരസിദ്ധാന്തം പടച്ചുണ്ടാക്കുമായിരുന്നില്ല. അതേപോലെ ആര്യന്മാരിൽ ഈ ഒരു കാഴ്ച്ചപ്പാടുണ്ടായിരുന്നെങ്കിൽ ശിക്ഷ അനുഭവിക്കാൻ പല ജന്മങ്ങളുമായി ഇവിടെ ജനിക്കണം എന്ന സിദ്ധാന്തം അവർ സമർപ്പിക്കുമായിരുന്നില്ല. വിവിധ സൃഷ്ടിപ്പിലൂടെ വന്നുകൊണ്ടാണ് മനുഷ്യനെ ദൈവം ശിക്ഷിക്കുന്നത് എന്നാണ് അവരുടെ കാഴ്ച്ചപ്പാട്.

അല്ലാഹുവിന്റെ سَتَارْ (മറച്ചുവെക്കുന്നവൻ) എന്ന ഗുണം ഇസ്ലാം മാത്രമാണ് സമർപ്പിക്കുന്നത്. ഇതിന്റെ പ്രകടനം ഇഹലോകത്തും പരലോകത്തും വെളിപ്പെടുന്നു.

എന്നാൽ ഇതിൽനിന്ന് തെറ്റായ സന്ദേശം ഉൾക്കൊള്ളാൻ പാടില്ല. അല്ലാഹു മറച്ചുവെക്കുന്നതിനെ ഇഷ്ടപ്പെടുന്നതുകൊണ്ടും ഇഹലോകത്ത് ന്യൂനതകൾ മറച്ചുവെച്ചിരിക്കുന്നു എന്നും പരലോകത്തും ന്യൂനതകൾ മറച്ചുവെച്ചുകൊണ്ട് പൊറുത്തുതരികയും ചെയ്യുന്നു എന്നും അല്ലാഹു പറഞ്ഞതുകൊണ്ട് നമുക്ക് ഇനി നിയന്ത്രണത്തിന്റെ ആവശ്യങ്ങളൊന്നും ഇല്ലല്ലോ, എന്തുമാകാം എന്ന് കരുതരുത്. എന്ത് തെറ്റുചെയ്താലും ഏതാകിലും പൊറുക്കപ്പെടുന്നതാണല്ലോ എന്ന് ചിന്തിക്കരുത്. കാരണം ഒരു ഹദീസിൽ വന്നിരിക്കുന്നു, അല്ലാഹു വിശ്വാസികളിൽ എണ്ണിയാലൊടുങ്ങാത്ത മറകൾ ഇടുന്നു. (അല്ലാഹു വിശ്വാസിയെ വിവിധ മറകളാൽ പൊതിഞ്ഞുവെച്ചിരിക്കുകയാണ്.) ഒരു വിശാസി തെറ്റുചെയ്യുമ്പോൾ അവനിൽ അല്ലാഹു ഇട്ടിരിക്കുന്ന മറകൾ ഓരോന്നായി മാറ്റപ്പെടുന്നു. ഏതുവരെ എന്നാൽ അവൻ സ്ഥിരമായി തെറ്റുചെയ്തുകൊണ്ടിരിക്കുകയാണെങ്കിൽ പിന്നീട് എല്ലാ മറയും നീങ്ങി ഒന്നും അവശേഷിക്കാത്ത ഒരവസ്ഥ ഉണ്ടായിത്തീരുന്നു. പിന്നീട് അല്ലാഹു തന്റെ മലക്കുകളോട് പറയും, എന്റെ ദാസനെ നിങ്ങളുടെ ചിറകുകൾകൊണ്ട് പൊതിഞ്ഞാലും. അവർ തങ്ങളുടെ ചിറകുകൾകൊണ്ട് അവരെ മൂടിവെക്കുന്നു. അല്ലാഹുവിന്റെ سَتَارِيَتْ ഏത് രീതിയിലാണ് പ്രകടിപ്പിക്കുന്നത് എന്നൊന്ന് നോക്കുക. എന്നാൽ അല്ലാഹുവിന്റെ ഈ ഒരു പ്രവർത്തനത്തിലും മനുഷ്യൻ തന്റെ അവസ്ഥ ശരിയാക്കാൻ തുനിയുന്നില്ലെങ്കിൽ, ഈ ഹദീസിൽ തുടർന്ന് പറയുന്നു, മലക്കുകൾ തങ്ങളുടെ ചിറകിനാൽ മൂടിയതിനുശേഷം ആ വ്യക്തി തൗബാ ചെയ്യുകയാണെങ്കിൽ അല്ലാഹു അവന്റെ തൗബാ സ്വീകരിക്കുന്നതാണ്. അവന്റെ മറകളെ തിരിച്ചുനൽകുകയും ചെയ്യുന്നു. മാത്രമല്ല ഓരോ മറക്കും പകരമായി ഒമ്പത് മറകൾ കൂടുതലായി നൽകപ്പെടുകയും ചെയ്യുന്നു. ഇത് നൽകുന്നത് അവന്റെ തെറ്റുകൾ മറഞ്ഞിരിക്കുന്നതിനുവേണ്ടിയാണ്. എന്നാൽ ദാസൻ തൗബാ ചെയ്യാതിരിക്കുകയും തിന്മകളിൽ മുഴുകുകയും ചെയ്യുകയാണെങ്കിൽ മലക്കുകൾ അല്ലാഹുവിനോട് പറയും, ഞങ്ങൾ എങ്ങിനെയാണ് അവനെ മൂടിവെക്കുക. ഈ വ്യക്തി തിന്മയിൽ വല്ലാതെ മുഴുകിക്കൊണ്ട് ഞങ്ങളെയും കേടുവരുത്തിക്കളയുന്നതാണ്. അപ്പോൾ അല്ലാഹു മലക്കുകളോട് പറയും, ഇയാളെ വിട്ടുകളയൂ എന്ന്. തുടർന്ന് അല്ലാഹു അയാളുടെ ഓരോ ന്യൂനതയും, ഇരുട്ടിൽ അവൻ ചെയ്തിരിക്കുന്ന തെറ്റുകൾപോലും വെളിച്ചത്തുകൊണ്ടുവരുന്നതാണ്.

അതുകൊണ്ട് നാം തൗബാ ചെയ്യുന്നവരായിത്തീരാനും അങ്ങിനെ അവന്റെ سَتَارْ എന്ന ഗുണനാമത്തിൽനിന്ന് ഫലമെടുക്കുന്നവരായി മാറാനും എപ്പോഴും നാം പ്രാർത്ഥിച്ചുകൊണ്ടിരിക്കേണ്ടതാണ്. അല്ലാഹുവിന്റെ سَتَارْ എന്ന ഗുണനാമത്തെ കുറിച്ച് വിവരിച്ചുകൊണ്ട് ഹദ്റത്ത് മസീഹ് മൗഊദ് (അ) അരുളുന്നു, مَـــالِكِ يَوْمِ الدِّينِ എന്ന ഗുണം ആവശ്യപ്പെടുന്നത് പ്രവൃത്തിചെയ്യുന്ന വ്യക്തിക്ക് അവന്റെ ലക്ഷ്യസ്ഥാനത്ത് എത്തിക്കണം എന്നാണ്. ഒരു വ്യക്തി പരീക്ഷക്ക് വേണ്ടി നല്ലതുപോലെ തയ്യാറെടുപ്പുകൾ നടത്തുന്നു. എന്നാൽ വിജയത്തിന്നായി മൂന്നോ നാലോ മാർക്കിന്റെ കുറവുണ്ടെങ്കിൽ ഭൗതികസംവിധാനം അവനെ വിജയിയായി പരിഗണിക്കുന്നതല്ല. അവനെ തോൽവിക്കാരുടെ പട്ടികയിൽ എഴുതിച്ചേർക്കുന്നു. എന്നാൽ അല്ലാഹുവിന്റെ رَحِيْمِيَتْ അവന്റെ ന്യൂനതകൾ മറച്ചുവെക്കുകയും അവൻ വിജയിച്ചതായി പ്രഖ്യാപിക്കുകയും ചെയ്യുന്നു. رَحِيْمِيَتْ എന്ന സ്വിഫത്തിൽ ഒരു വിധത്തിൽ ന്യൂനതകൾ മറച്ചുവെക്കുകയും ചെയ്യുന്നു. ഇസ്ലാം സമർപ്പിച്ചിരിക്കുന്ന ദൈവം സർവ്വ

സ്തുതികൾക്കും അർഹനായ ദൈവമാണ്. ഈ മുത്ത് ശരിക്കുമുള്ളതുതന്നെയാണ്. റഹ്മാൻ ആയ അല്ലാഹു മറ്റുള്ളവരുടെ പ്രവർത്തനമില്ലാതെയും അനുഗ്രഹങ്ങൾ നൽകിക്കൊണ്ടിരിക്കുന്നു.

ഇസ്‌ലാം സമർപ്പിച്ചിരിക്കുന്ന ദൈവത്തിൽ സ്തുതിക്കപ്പെടാൻ അർഹമായ എല്ലാ നല്ലഗുണങ്ങളും സമ്മേളിച്ചിരിക്കുന്നു. رَحْمَانِيَتْ ന്റെ പ്രകടനം കാഴ്ച്ചവെച്ചുകൊണ്ട് അവൻ എല്ലാവർക്കും അനുഗ്രഹങ്ങൾ നൽകുന്നു. പ്രവൃത്തിചെയ്യാത്തവർക്കും അൽപ്പസ്വൽപ്പം ചെയ്തവർക്കും ചിലപ്പോൾ അവൻ തന്റെ അനുഗ്രഹങ്ങളാൽ അവനെ കടാക്ഷിക്കുന്നു. അല്ലാഹു തന്റെ مَالِكِيَتْ എന്ന സ്വിഫത്ത് പ്രകടിപ്പിക്കുമ്പോൾ അതിലൂടെ നമുക്ക് അവന്റെ رَحْمَانِيَتْ ന്റെ പ്രകടനവും കാണാൻ സാധിക്കുന്നതാണ്. ഇത് മുഖേന പ്രവർത്തിക്കാതെയും അനുഗ്രഹങ്ങൾ നൽകുന്നു. അതോടൊപ്പം ന്യൂനതകൾ മറച്ചുവെക്കുകയും ചെയ്യുന്നു.

ഹദ്റത്ത് മസീഹ് മൗഊദ് (അ) തുടരുന്നു. ഞാൻ പറഞ്ഞതുപോലെ അവന്റെ مَالِكِيَتْ , ഉടമസ്ഥത,ആ വ്യക്തിയെ ലക്ഷ്യസ്ഥാനത്ത് എത്തിക്കുന്നു.ഗവൺമെന്റിനെ അനുസരിക്കുന്ന എല്ലാവർക്കും തൊഴിൽ നൽകുന്നതാണെന്ന് ഒരു ഭൗതികഗവൺമെന്റിനും ഉത്തരവാദിത്വം ഏറ്റെടുക്കാൻ കഴിയില്ല. എന്നാൽ അല്ലാഹുവിന്റെ സമ്പൂർണ്ണമായ ഗവൺമെന്റിൽ, അനന്തമായ ഖജനാവിന്റെ ഉടമസ്ഥതയുള്ള ഗവൺമെന്റിന്, ഒരുവിധ കുറവുമില്ല. പ്രവർത്തിക്കുന്ന ഓരോരുത്തർക്കും അവരുടെ പ്രവർത്തനത്തിൽ വിജയം നൽകി അവരുടെ ലക്ഷ്യം നേടിക്കൊടുക്കുന്നു. നന്മയും സൽപ്രവൃത്തിയും ചെയ്യുമ്പോൾ വല്ല തടസ്സവും ഉണ്ടാകുകയാണെങ്കിൽ വല്ല ന്യൂനതയും ഉണ്ടാവുകയാണെങ്കിൽ അതിനെ അവൻ മറച്ചുവെക്കുകയും ചെയ്യുന്നു. അവൻ تَوَّابْ ആണ്. അവൻ مُسْتَحْيِ മാണ്.അല്ലാഹുവിന് തന്റെ ദാസരുടെ ആയിരക്കണക്കിന് ന്യൂനതകൾ അറിയാം. എന്നാൽ അതൊന്നും അവൻ വെളിപ്പെടുത്തുന്നില്ല. എന്നാൽ ധിക്കാരത്തോടുകൂടി ദാസൻ തിന്മയിൽ മുന്നേറിക്കൊണ്ടിരിക്കുകയാണെങ്കിൽ, അല്ലാഹുവിന്റെ ലജ്ജ എന്ന ഗുണത്തിൽനിന്നും മറച്ചുവെക്കുക എന്ന ഗുണത്തിൽ നിന്നും ഫലമെടുക്കാതിരിക്കുകയും, നിരീശ്വരത്തിന്റെ വിഷം അവനിൽ ആഴ്ന്നിറങ്ങിക്കൊണ്ടിരിക്കുകയും ചെയ്യുകയും ചെയ്യുമ്പോൾ അല്ലാഹു ആ വ്യക്തിയെ വെറുതെ വിട്ടുകളയുന്നതല്ല. അവൻ നിന്ദിതനാക്കപ്പെടുന്നു.

ചുരുക്കത്തിൽ, ഈ പറഞ്ഞിന്റെ ഉദ്ദേശം رَحِيْمِيَتْ എന്ന ഗുണത്തിൽ ന്യൂനതകൾ മറച്ചുവെക്കുന്ന ഗുണവും പ്രകടമാണ്. എന്നാൽ ഈ ന്യൂനതകൾ മറച്ചുവെക്കുന്നതിനുമുമ്പേ പ്രവർത്തനം അനിവാര്യമാണ്. ആ പ്രവർത്തനത്തിലുള്ള ന്യൂനതകളും കുറവുകളും ഉണ്ടെങ്കിൽ അല്ലാഹു رَحِيْمِيَتْ എന്ന തന്റെ ഗുണത്തിലൂടെ ആ ന്യൂനതകൾ മറച്ചുവെക്കുന്നു. ചില സന്ദർഭങ്ങളിൽ رَحْمَانِيَتْ ന്റെ പ്രകടനവും അവൻ കാഴ്ചവെക്കുകയും ചെയ്യുന്നു.

ഈ പറഞ്ഞതിന്റെ ചുരുക്കം, ഒരാൾ പ്രവർത്തിക്കുമ്പോൾ അതിലുള്ള ന്യൂനതകൾ رَحِيْمِيَتْ ലൂടെ മറച്ചുവെക്കുന്നു. ഇനി തെറ്റുകൾ വന്നുപോയതിൽ ലജ്ജയുണ്ടാവുകയും തൗബയിലേക്ക് ശ്രദ്ധതിരിയുകയും ചെയ്യുകയാണെങ്കിൽ അല്ലാഹു അവന്റെ ന്യൂനതകൾ മറച്ചുവെക്കുന്നു. അല്ലാഹു ലജ്ജയെയും ന്യൂനതകൾ മറച്ചുവെക്കുന്നതിനെയും ഇഷ്ടപ്പെടുന്നതുകൊണ്ട് മനുഷ്യൻ തിന്മയിൽ മുന്നേറിക്കൊണ്ടിരിക്കണം എന്ന സൂചനയല്ല തരുന്നത്. അത് തിന്മയിൽ മുന്നേറാനുള്ള അവസരമാണ് ഒരുക്കിത്തരിക. ഇങ്ങിനെയുള്ള വ്യക്തി സമൂഹത്തെ ദുഷിപ്പിക്കുന്നവനായിത്തീരും. അല്ലാഹു എന്തായാലും പൊറുത്തുതരുമല്ലോ എന്നും അതുകൊണ്ട് നന്മചെയ്യേണ്ട ആവശ്യമെന്താണെന്നും അവൻ ചിന്തിക്കും. ഹദീസുകളിലും ഇതിനെ വ്യക്തമായി വിശദീകരിച്ചുതരുന്നുണ്ട്. തിന്മയിൽ സധൈര്യം മുന്നേറുന്നവരോട് അല്ലാഹു ലജ്ജ പ്രകടിപ്പിക്കുകയില്ല.മറിച്ച് കൂരിരുട്ടിൽ അവർ ചെയ്യുന്ന പ്രവർത്തനങ്ങളെപ്പോലും അല്ലാഹു വെളിച്ചത്തുകൊണ്ടുവരുന്നതാണ്.

അതുകൊണ്ട് അല്ലാഹുവിന്റെ سَتَارْ എന്ന ഗുണനാമത്തെ മുൻനിർത്തിക്കൊണ്ട് അവനോട് سَتَارِيَتْ ന്റെ മറയിൽ എപ്പോഴും നമ്മെ മറച്ചുവെക്കുന്നതിന്നായി പ്രാർത്ഥിച്ചുകൊണ്ടിരിക്കേണ്ടതാണ്. തിരുനബി(സ) നമുക്ക് ഇതുമായി ബന്ധപ്പെട്ട ദുആകൾ പഠിപ്പിച്ചുതന്നിട്ടുണ്ട്.ഹദ്റത്ത് ജുബൈർ ഇബ്നു മുത്അം നിവേദം ചെയ്യുന്നു, അദ്ദേഹം പറയുന്നു. ഹദ്റത്ത് ഇബ്നുഉമർ(റ) പറയുന്നതായി ഞാൻ കേട്ടു. തിരുനബി(സ) ഒരിക്കലും ഉപേക്ഷിച്ചിട്ടില്ലാത്ത ഒരു ദുആ ഇതാണ്. അല്ലാഹുവേ എന്റെ നഗ്നതയെ നീ മറക്കേണമേ. എന്റെ ആശങ്കകളെ സമാധാനമാക്കിമാറ്റേണമേ. അല്ലാഹുവേ! എന്റെ മുമ്പിലും എന്റെ പിന്നിലും എന്റെ ഇടത്തും എന്റെ വലത്തും എന്റെ മുകളിലുമുള്ള അപകടങ്ങളിൽനിന്നും എന്നെ നീ കാത്തുരക്ഷിക്കേണമേ. എന്നെ എന്റെ താഴെ നിന്നു വലിച്ചുകൊണ്ടുപോകുന്ന അപകടത്തിൽനിന്നും നിന്റെ മഹത്വത്തിന്റെ സംരക്ഷണത്തിൽ ഞാൻ വരുന്നു.

അല്ലാഹുവിന്റെ സമ്പൂർണ്ണമായ മഗ്ഫിറത്തിനും ന്യൂനതകൾ മറച്ചുവെക്കുന്നതിന്നും വേണ്ടിയുള്ള പ്രാർത്ഥനകളാണിത്. തിരുനബി(സ)യെ എല്ലാവിധ ന്യൂനതകളിൽനിന്നും മറച്ചുവെക്കുന്നതാണെന്ന് അല്ലാഹു വാഗ്ദാനം ചെയ്തിട്ടുള്ളതാണ്. തിരുനബി(സ) ഇതുസംബന്ധമായി പറഞ്ഞത് എന്റെ പിശാച് പോലും മുസ്‌ലിമായിരിക്കുന്നു എന്നാണ്. ഈ ദുആകൾ നമുക്ക് പഠിപ്പിച്ചുതന്നിരിക്കുകയാണ്. ഈ യാഥാർത്ഥ്യങ്ങൾ മനസ്സിലാക്കിക്കൊണ്ട് നമുക്ക് ദുആ ചെയ്യുവാനുള്ള തൗഫീഖ് അല്ലാഹു നൽകുമാറാകട്ടെ. ഇതനുസരിച്ചുകൊണ്ട് പ്രവർത്തിക്കുവാനുള്ള തൗഫീഖും നൽകി അനുഗ്രഹിക്കട്ടെ. ഇക്കാലത്ത് തിരുനബി(സ)യുടെ യഥാർത്ഥപ്രേമിയായ ഹദ്റത്ത് മസീഹ് മൗഊദ് (അ) നമുക്ക് പഠിപ്പിച്ചുതന്ന ദുആകളുടെ ഒന്ന് രണ്ട് ഉദാഹരണങ്ങൾ ഞാൻ നിങ്ങളുടെ മുമ്പാകെ വെക്കുകയാണ്.

ഹദ്റത്ത് മസീഹ് മൗഊദ് (അ) അരുളുന്നു: അനുഗ്രഹദാതാവായ എന്റെ നാഥാ! തിന്മനിറഞ്ഞ,അശ്രദ്ധനായ, ഒന്നിനുംകൊള്ളരുതാത്ത നിന്റെ ഒരു ദാസനാണ് ഞാൻ. അക്രമത്തിനുമേൽ അക്രമം എന്നിൽ നിന്നും നീ കണ്ടു. അനുഗ്രഹത്തിനുമേൽ അനുഗ്രഹം നീ എനിക്ക് നൽകുകയും ചെയ്തു. തിന്മകൾക്കുമീതെ തിന്മകൾ നീ കണ്ടു. പ്രത്യുപകാരത്തിനുമേൽ പ്രത്യുപകാരം നീ എന്നിൽ ചെയ്യുകയും ചെയ്തു. നീ എപ്പോഴും എന്റെ ന്യൂനതകൾ മറച്ചുവെച്ചുകൊണ്ടിരുന്നു. എന്നാൽ എണ്ണമറ്റ അനുഗ്രഹങ്ങളാൽ എന്നെ കടാക്ഷിച്ചുകൊണ്ടിരുന്നു. അതുകൊണ്ട് ഇനിയും ഒരുകഴിവുമില്ലാത്ത പാപിയായ എന്നോട് കരുണ ചൊരിയേണമേ. എന്റെ അതിരുകടന്ന പ്രവർത്തനങ്ങളും നന്ദികേടും പൊറുത്തുതരേണമേ. എന്റെ ദുഃഖങ്ങളിൽ നിന്നും എനിക്ക് നീ മോചനം നൽകേണമേ. നീയല്ലാതെ മറ്റൊരു അത്താണിയും എനിക്കില്ല. ആമീൻ

മറ്റൊരു ദുആ ഇപ്രകാരമാണ്. റബ്ബുൽ ആലമീനായ നാഥാ! നീ നൽകിയിരിക്കുന്ന അനുഗ്രഹങ്ങൾക്ക് എനിക്ക് നന്ദിരേഖപ്പെടുത്താനുള്ള കഴിവില്ല. നീ അതിരറ്റ അനുഗ്രഹങ്ങൾ നൽകുന്നവനും ആദരണീയനുമാണ്. നിന്റെ അഗാധമായ അനുഗ്രഹങ്ങൾ എന്നിൽ

ഉണ്ട്. ഞാൻ നശിക്കാതിരിക്കാൻ നീ എന്റെ പാപങ്ങൾ പൊറുത്തു തരേണമേ. എനിക്ക് ജീവൻ ലഭിക്കാൻ നിന്റെ സംശുദ്ധമായ പ്രേമം എന്റെ ഹൃദയത്തിൽ ഇട്ടുതന്നാലും. എന്റെ ന്യൂനതകൾ മറച്ചുവെച്ചാലും. നീ ഇഷ്ടപ്പെടുന്ന തരത്തിലുള്ള പ്രവർത്തനങ്ങൾ എന്നിൽ നിന്നും നീ ഉണ്ടാക്കേണമേ. നിന്റെ കോപം എന്നിൽ ഇറങ്ങാതിരിക്കാൻ ആദരീയമായ നിന്റെ മുഖം തൊട്ട് ഞാൻ നിന്നിൽ ശരണം പ്രാപിക്കുന്നു. എന്നോട് കരുണ ചൊരിഞ്ഞാലും. ഈ ദുൻയാവിലേയും ആഖിറത്തിലേയും പ്രയാസങ്ങളിൽനിന്നും എന്നെ രക്ഷിച്ചാലും. എല്ലാ അനുഗ്രഹങ്ങളും കാരുണ്യവും നിന്നിൽ നിക്ഷിപ്തമാണ്. ആമിൻ, സുമ്മ ആമീൻ.

ഈ ദുആകളാണ് നമ്മൾ ശീലിക്കേണ്ടത്. അല്ലാഹുവിന്റെ സംരക്ഷണത്തിൽ നാം വരുന്നതോടൊപ്പം നമ്മുടെ ന്യൂനതകളെക്കുറിച്ചും തെറ്റുകുറ്റങ്ങളെക്കുറിച്ചും നമുക്ക് ബോധ്യമുണ്ടായിരിക്കുകയും വേണം. ഇതിൽനിന്നെല്ലാം രക്ഷപ്പെടാനുള്ള പരിശ്രമവും ഉണ്ടായിരിക്കേണ്ടതാണ്. അല്ലാഹുവിന്റെ سَتَّارٌ എന്ന ഗുണത്തിൽ നിന്നും ഫലമെടുക്കാനും അല്ലാഹുവിന്റെ അനുഗ്രഹങ്ങളെ ആകർഷിച്ചെടുക്കാനും തിരുനബി(സ) ഒരു വിശ്വാസിയിൽ അർപ്പിച്ചിരിക്കുന്ന ഉത്തരവാദിത്വങ്ങൾ എന്തെല്ലാമാണെന്ന് നമുക്ക് നോക്കാം.

ഒരു ഹദീസിൽ വരുന്നു. തിരുനബി(സ) അരുളി, ആരാണോ ഒരു വിശ്വാസിയുടെ ന്യൂനതകളെ മറച്ചുവെച്ചിരിക്കുന്നത് അല്ലാഹു അവനെ അഗ്നിയിൽനിന്നും സംരക്ഷിച്ചുനിർത്തുന്നതാണ്.

ഈ ഹദീസ് ഞാൻ തെരഞ്ഞെടുത്തിരിക്കുന്നത് ഭാര്യാഭർതൃബന്ധം വഷളാകുന്ന അവസരത്തിൽ പരസ്പരം ആക്ഷേപങ്ങൾ അഴിച്ചുവിടുന്ന ശീലമുള്ളവർക്കുവേണ്ടിയാണ്. അവർ ഇരുവരും മാത്രമല്ല ഇതിൽ ഉൾപ്പെടുന്നത്. ഇരുവരുടെയും ബന്ധുക്കളും ഇതിൽ പങ്കാളികളാകുന്നു. പ്രത്യേകിച്ച് ആൺകുട്ടിയോ ആൺകുട്ടിയുടെ വീട്ടുകാരോ പെൺകുട്ടിയിലോ അവളുടെ വീട്ടുകാരിലോ ആരോപണങ്ങൾ ഉന്നയിക്കുന്നു. ചിലപ്പോൾ അടിസ്ഥാനരഹിതമായ ആരോപണങ്ങളാണ് ഉന്നയിക്കപ്പെടാറുള്ളത്. അല്ലാഹു പറയുന്നത് ന്യൂനതകൾ മറച്ചുവെക്കുക. ചിലപ്പോൾ ഉള്ളതുതന്നെയായിരിക്കും പറയുന്നത്. എന്നാൽ ചിലപ്പോൾ വെറും കറ്റുകെട്ടും. ചെറുക്കനോ ചെറുക്കന്റെ വീട്ടുകരോ ചിലപ്പോൾ കസായുടെ മുമ്പാകെ പെൺകുട്ടിയെകുറിച്ച് വളരെ നീചമായ ആരോപണങ്ങൾ ഉന്നയിക്കാറുണ്ട്. അത് കേൾക്കുമ്പോൾ തന്നെ നാണിച്ചുപോകും. തിരുനബി(സ) പറഞ്ഞത് മുഅ്മിനായ സ്ത്രീയുടെ ന്യൂനതകൾ മറച്ചുവെക്കുക എന്നാണ്. അങ്ങിനെയുള്ളവരെ അഗ്നിയിൽനിന്നും അല്ലാഹു സംരക്ഷിക്കുന്നതാണ്. ചിലപ്പോൾ പരസ്പരം ഇഷ്ടപെട്ട് ജീവിതം മുന്നോട്ട് പോകാൻ സാധിച്ചെന്ന് വരില്ല. അവർക്ക് വേർപിരിയേണ്ടതായിവരുന്നു. കാരണങ്ങൾ എന്തുതന്നെയായാലും പിരിയണമെന്നുണ്ടെങ്കിൽ പിരിയാവുന്നതാണ്. എന്നാൽ ആരോപണങ്ങൾ ഉന്നയിക്കാതെ തന്നെ വേർപിരിയാമല്ലോ. അതുകൊണ്ട് ഒരു അഹ്മദി ഇതിൽനിന്നെല്ലാം വിട്ടുനിൽക്കേണ്ടതാണ്. ഏതുവിഭാഗമാണെങ്കിലും ശരി. കാരണം ഇവിടെ സ്ത്രീയെകുറിച്ചാണ് പറഞ്ഞതെങ്കിലും അടുത്ത ഹദീസിൽ ഇത് എല്ലാവർക്കും ബാധകമായ പൊതുവായ കാര്യമായി പറഞ്ഞിട്ടുണ്ട്.

ഹദ്റത്ത് അബൂ സഈദ് ഖുദ്രി (റ) രിവായത്ത് ചെയ്യുന്നു. തിരുനബി(സ) ഇപ്രകാരം അരുളി. തന്റെ സഹോദരന്റെ ന്യൂനത കണ്ടുകൊണ്ട് അതിനെ മറച്ചുവെക്കുന്ന വിശ്വാസിയെ അല്ലാഹു സ്വർഗത്തിൽ പ്രവേശിപ്പിക്കുന്നതാണ്.

മറ്റുള്ളവരുടെ ന്യൂനതകൾ ചികഞ്ഞന്വേഷിക്കുന്നതിനു പകരം ന്യൂനതകൾ മറച്ചുവെക്കാൻ ശ്രമിക്കേണ്ടതാണ്. ഇവിടെ ഇരു കുടുംബങ്ങളേയും താക്കീതുചെയ്യുന്നതോടൊപ്പം സുവാർത്തയും നൽകുന്നുണ്ട്.നിങ്ങൾക്കിടയിലുള്ള പ്രശ്നങ്ങൾ പരിഹരിക്കാൻ ഉദ്ദേശമുണ്ടെങ്കിൽ അനുവദനീയമായ മാർഗങ്ങളിലൂടെ അത് ചെയ്യേണ്ടതാണ്. പരസ്പരം ആരോപണങ്ങൾ ഉന്നയിച്ചുകൊണ്ടല്ല അത് പരിഹരിക്കേണ്ടത്. അനുവദനീയമായ മാർഗങ്ങളിലൂടെ ഇത് പരിഹരിക്കാൻ ശ്രമിക്കുകയും ന്യൂനതകൾ മറച്ചുവെക്കുകയും ചെയ്യുകയാണെങ്കിൽ അല്ലാഹു നിങ്ങളെ സ്വർഗത്തിൽ പ്രവേശിപ്പിക്കുന്നതാണ്. (പുതിയ ബന്ധങ്ങൾ നിലവിൽ വരുമ്പോൾ പല രഹസ്യകാര്യങ്ങളും അറിവാകുന്നു.) ആദ്യത്തെ ഹദീസിൽ ശിക്ഷയിൽ നിന്നും രക്ഷപ്പെടും എന്നാണ് പറഞ്ഞത്. അവരെ അഗ്നിയിൽ നിന്നും അല്ലാഹു സംരക്ഷിക്കുന്നതാണ്. ഇവിടെ പറയുന്നത് സ്വർഗത്തിൽ പ്രവേശിപ്പിക്കുകയും ചെയ്യും എന്നുമാണ്. ശിക്ഷയിൽനിന്ന് രക്ഷപ്പെടുത്തുക മാത്രമല്ല അനുഗ്രഹങ്ങൾ നൽകുക കൂടി ചെയ്യുന്നതാണ്. അല്ലാഹു ഈ രീതിയിലാണ് നൽകാറുള്ളത്.

മറ്റൊരു ഹദീസിൽ ഇതിനെ കുറിച്ചുള്ള വിശദീകരണം നമുക്ക് കാണാം. ഹദ്റത്ത് അബ്ദുല്ലാഹ് ബ്നു ഉമർ (റ) വിവരിക്കുന്നു. റസൂൽ (സ) തിരുമേനി അരുളി: ഒരു മുസ്ലിം മറ്റൊരു മുസ്ലിമിന്റെ സഹോദരനാകുന്നു. അവൻ തന്റെ സഹോദരനോട് അക്രമം പ്രവർത്തിക്കുകയോ,സഹായം ആവശ്യമുള്ളപ്പോൾ അവനെ കയ്യൊഴിയുകയോ ചെയ്യില്ല. തന്റെ സഹോദരന്റെ ആവശ്യനിർവഹണത്തിന്നായി പ്രവർത്തിക്കുന്ന വ്യക്തിയുടെ ആവശ്യനിർവഹണത്തിന്നായി അല്ലാഹു ഉണ്ടായിരിക്കും. ആര് ഒരു മുസ്ലിമിന്റെ പ്രയാസങ്ങൾ ദൂരീകരിച്ചുവോ അല്ലാഹു ഖിയാമത്ത് നാളിൽ അവന്റെ പ്രയാസങ്ങൾ ദൂരീകരിച്ചുകൊടുക്കുന്നതാണ്. ആരാണോ ഒരു മുസ്ലിമിന്റെ ന്യൂനതകൾ മറച്ചുവെച്ചിരിക്കുന്നത് ഖിയാമത്ത് നാളിൽ അല്ലാഹു അവന്റെ ന്യൂനതകളും മറച്ചുവെക്കുന്നതാണ്.

ഒരു യഥാർത്ഥ മുസ്ലിമിന്, ഒരു യഥാർത്ഥ അഹ്മദിക്ക് ഉണ്ടായിരിക്കേണ്ട നിലവാരമാണിത്. അഹ്മദികൾ ഹദ്റത്ത് മസീഹ് മൗഊദ് (അ)ന്റെ കയ്യിൽ ബൈഅത്ത് ചെയ് തുകൊണ്ട് ഈ എല്ലാവിധ തിന്മകളിൽ നിന്നും രക്ഷപ്പെടുന്നതാണെന്ന് പ്രതിജ്ഞ ചെയ്യുകയുണ്ടായി. ഇത് സംബന്ധമായി ഹദ്റത്ത് മസീഹ് മൗഊദ് (അ) അരുളുന്നു.

ജമാഅത്തിൽ പരസ്പരം പ്രശ്നങ്ങൾ ഉണ്ടാകുന്നതായും എന്റെ ദൃഷ്ടിയിൽ പെട്ടിട്ടുണ്ട്. ജമാഅത്തംഗങ്ങൾക്കിടയിൽ വളരെ നിസ്സാരപ്രശ്നങ്ങൾ ഉണ്ടാകുന്നു. അത് ഊതിവീർപ്പിച്ച് വ്യക്തിഹത്യക്ക് ശ്രമം നടത്തി തന്റെ സഹോദരനോട് ഏറ്റുമുട്ടുന്നു. ഇത് വളരെ മോശമായ പ്രവർത്തിയാണ്. ഇങ്ങിനെ ഉണ്ടാകാൻ പാടില്ല. ഒരാൾ ഒരു തെറ്റു ചെയ്യുകയും പിന്നീട് അതംഗീകരിക്കുകയും ചെയ്തിട്ടുണ്ടെങ്കിൽ എന്താണ് പിന്നെ പ്രശ്നമുള്ളത്. ചിലർ നിസ്സാരപ്രശ്നത്തിന്റെ പേരിൽ മറ്റുള്ളവരെ നിന്ദ്യനാക്കാത്തിടത്തോളം അവന്റെ പിന്നാലെ കൂടുന്നു. ഇതിൽ നിന്നെല്ലാം വിട്ടുനിൽക്കേണ്ടതാണ്. അല്ലാഹുവിന്റെ ഒരു നാമം سَتَّارٌ എന്നതുമാണ്. പിന്നെ എന്തുകൊണ്ട് അവൻ തന്റെ സഹോദരനോട് കരുണ കാണിക്കുകയും അവന് പൊറുത്തുകൊടുത്ത് അവനോട് വിട്ടുവീഴ്ച ചെയ്യുകയും ചെയ്യുന്നില്ല. അതുകൊണ്ട് തന്റെ സഹോദരന്റെ ന്യൂനതകൾ മറച്ചുവെക്കുക. അവന്റെ അഭിമാനത്തെ പിച്ചിചീന്തരുത്.

ഒരു ചെറു പുസ്തകത്തിൽ ഇപ്രകാരം എഴുതിയതായി ഞാൻ കണ്ടു. ഒരു രാജാവ് വിശുദ്ധഖുർആൻ പകർത്തി എഴുതാറുണ്ടായിരുന്നു. ഒരു മുല്ല വന്നുകൊണ്ട് പറഞ്ഞു. ഈ ആയത്ത് എഴുതി

യത് തെറ്റാണ്. രാജാവ് ഉടനെ തന്നെ ആ ആയത്തിന് മുകളിൽ ഒരു വൃത്തം വരച്ചു. അദ്ദേഹം പോയപ്പോൾ രാജാവ് ആ വൃത്തം വെട്ടിക്കള യുകയുണ്ടായി. രാജാവിനോട് ആരോ ചോദിച്ചു. താങ്കൾ എന്താ ണ് ഈ ചെയ്തത്. ആ ആയത്ത് വെട്ടുന്നതിനുപകരം താങ്കൾ വരച്ച വൃത്തമാണല്ലോ വെട്ടിയത്? അപ്പോൾ രാജാവ് പറഞ്ഞു. സത്യം പറഞ്ഞാൽ ആ മുല്ല പറഞ്ഞത് ശരിയായിരുന്നില്ല. ഞാൻ അപ്പോൾ അവി ടെ ഒരു വൃത്തം വരക്കാൻ കാരണം അദ്ദേഹത്തിന് ആശ്വാസം നൽകുന്നതിന് വേണ്ടിയാണ്.

ഇവിടെ അധികാരം ഉണ്ടായിട്ടുകൂടി തന്റെ വിനയത്വം അദ്ദേഹം പ്രകടിപ്പിച്ചു. ക്ഷമ കാണിക്കുന്നു. അദ്ദേഹം ആ മുല്ലയോട് ദേഷ്യപ്പെട്ടില്ല. എന്റെ പ്രജയായിരിക്കെ എന്റെ തെറ്റുതിരുത്താൻ നീ ആര് എന്ന് ചോദിച്ചില്ല. അതോടൊപ്പം അദ്ദേഹത്തിന്റെ ന്യൂനത മറച്ച് വെക്കുകയും ചെയ്തു. അദ്ദേഹത്തിന്റെ അറിവില്ലായ്മ പ്രകടമാക്കിയില്ല. നിങ്ങൾ പറഞ്ഞതുകൊണ്ട് ഞാൻ അത് അടയാളപ്പെടുത്തിയിരിക്കുന്നു. ഹദ്റത്ത് മസീഹ് മൗഊദ് (അ) തുടർന്നു പറയുന്നു: ഈ ഒരു സ്ഥാനമാണ് നാം കരസ്ഥമാക്കേണ്ടത്. മറ്റുള്ളവരുടെ തെറ്റുകൾ കണ്ടെത്തി അതിന് പ്രചാരണം നൽകുക എന്നത് അഹങ്കാരത്തിന്റെ വേരും, മോശമായ പ്രവർത്തിയുമാണ്. ഇങ്ങനെയുള്ള പ്രവർത്തികൾ ചെയ്യുമ്പോൾ നമ്മുടെ ആത്മാവ് ചീത്തയായിത്തീരുന്നു. ഇതിൽ നിന്നും വിട്ടുനിൽക്കേണ്ടതാണ്. ഇതെല്ലാം തഖ്‌വയുമായി ബന്ധപ്പെട്ടതാണ്.ബാഹ്യവും ആന്തരികവുമായ പ്രവർത്തനങ്ങളിൽ തഖ്‌വക്ക് മുൻതൂക്കം നൽകുന്നവരെ മലക്കുകളിൽ എണ്ണപ്പെടുന്നു. കാരണം അവരിൽ ഒരു വിധ നിഷേധവും ഉണ്ടായിരിക്കില്ല. (മലക്കുകളുടെ ജോലി അനുസരണമാണ്.) തഖ്‌വ സ്വായത്തമാക്കുക. തഖ്‌വക്ക് ശേഷമാണ് അല്ലാഹുവിന്റെ അനുഗ്രഹങ്ങൾ ലഭ്യമാവുകയുള്ളൂ. മുത്തഖിയെ ഈ ലോകത്തുള്ള പ്രയാസങ്ങളിൽ നിന്ന് രക്ഷപ്പെടുത്തുന്നതാണ്. ഇക്കാലത്ത് വിവിധങ്ങളായ പ്രയാസങ്ങൾ വന്നുകൊണ്ടിരിക്കുന്നു. തഖ്‌വ സ്വായത്തമാക്കുകയാണെങ്കിൽ പ്രയാസങ്ങളിൽ നിന്നും രക്ഷപ്രാപിക്കും എന്നാണ് പറയുന്നത്. അല്ലാഹു അവരുടെ ന്യൂനതകൾ മറച്ചു പിടിക്കുന്നു. ഈ ഒരു രീതി സ്വീകരിക്കാത്തിടത്തോളം ഒരു ഗുണവും ഉണ്ടായിരിക്കുന്നതല്ല. ഇങ്ങനെയുള്ളവർക്ക് എന്റെ ബൈഅത്തുകൊണ്ട് ഒരു ഗുണവും ഉണ്ടാകുന്നതുമല്ല. എങ്ങനെയാണ് അവർക്ക് ഗുണം ഉണ്ടാകുക. കാരണം ഒരു ദൂഷ്യം അവന്റെ അകത്തളത്തിൽ തന്നെയുണ്ട് - ബൈഅത്ത് ചെയ്തെങ്കിലും ന്യൂനത വെളിപ്പെടുത്തുന്ന ദൂഷ്യം ഉള്ളിൽ ഉണ്ടെങ്കിൽ പിന്നെ എങ്ങനെ ഗുണം പിടിക്കാനാണ്. - മറ്റുള്ളവരെപ്പോലെ അന്ധമായ ആവേശം, അഹന്ത, അഹങ്കാരം, സ്വാർത്ഥത, പ്രകടനാത്മകത, പെട്ടെന്ന് കോപിക്കൽ എന്നിവ ഇവിടെയും ഉണ്ടെങ്കിൽ പിന്നെ എന്താണ് വ്യത്യാസമുള്ളത്. സദ്പ്രകൃതക്കാരൻ ഒറ്റയാനാണെങ്കിലും ഒരു ഗ്രാമത്തിൽ അവനൊരുവൻ മാത്രമാണെങ്കിലും ശരി ജനങ്ങൾ ഒരു കറാമത്ത് എന്ന നിലയിൽ അദ്ദേഹത്തിന്റെ സ്വാധീനത്തിൽ വരുന്നതാണ്. സദ്പ്രകൃതക്കാരൻ അല്ലാഹുവിനെ ഭയന്ന് കൊണ്ട് നന്മ ചെയ്യുമ്പോൾ അവനിൽ ദൈവികമായ ഒരു പ്രതാപം ഉണ്ടായിരിക്കും. ഇവൻ ദൈവികമനുഷ്യനാണെന്ന് ഹൃദയത്തിൽ ഇടപെടുന്നു. ദൈവത്തിൽനിന്ന് വരുന്നവർക്ക് അല്ലാഹു തന്റെ മഹത്വത്തിൽ നിന്ന് ഒരംശം അവർക്ക് നൽകുന്നു എന്നത് തികച്ചും സത്യമാണ്. സദ്പ്രകൃതക്കാരെ തിരിച്ചറിയാനുള്ള ഒരടയാളമാണത്.

അതുകൊണ്ട് ചെറിയ ചെറിയ കാര്യങ്ങളിൽ സഹോദരന്മാരെ വേദനിപ്പിക്കുന്നത് ശരിയല്ല എന്നകാര്യം ഓർമ്മയിൽ വെക്കുക. തിരുനബി (സ) സർവ്വ സൽഗുണങ്ങളുടേയും സംപൂർത്തീകരണമാണ്. ഈ കാലത്ത് തിരുനബി(സ)യുടെ സദ്സ്വഭാവത്തിന്റെ അവസാന മാതൃകയാണ് ഇപ്പോൾ നിലനാട്ടിയിരിക്കുന്നത്. ഇപ്പോഴും അതേ മൃഗീയത തന്നെയാണെങ്കിൽ വളരെ ദുഃഖകരം തന്നെ. ഇത് വലിയ ദൗർഭാഗ്യം കൂടിയാണ്. അതുകൊണ്ട് മറ്റുള്ളവരിൽ ന്യൂനതകൾ ആരോപിക്കരുത്. ചിലപ്പോൾ മറ്റുള്ളവരിൽ ന്യൂനതകൾ ആരോപിക്കുന്ന വ്യക്തി, ആ ന്യൂനത ആരോപിക്കപ്പെടുന്ന വ്യക്തിയിൽ ഇല്ലെങ്കിൽ അതേ ന്യൂനതയിൽ അകപ്പെട്ടുപോകാറുണ്ട്. എന്നാൽ ഈ ന്യൂനതകൾ അവനിൽ ഉണ്ടെങ്കിൽ അവന്റെ പ്രശ്നം അല്ലാഹുവിന്റെ പക്കലാണ്.

പലരും തന്നെ തന്റെ സഹോദന്മാർക്കെതിരിൽ നീചമായ ആരോപണങ്ങൾ ഉടനടി ഉന്നയിക്കുന്നവരാണ്. ചെറിയ എന്തോ കാര്യമുണ്ടാകുമ്പോൾ തന്നെ വളരെ മോശമായ ആരോപണവുമായി അവർ രംഗത്ത് വരുന്നു- ഇങ്ങനെയുള്ള പ്രവർത്തനങ്ങളിൽ നിന്നും വിട്ടു നിൽക്കുക. മനുഷ്യകുലത്തിന് ഗുണപ്രദമായ പ്രവർത്തികൾ ചെയ്യുക. സഹോദരന്മാരോട് സഹതാപം പ്രകടിപ്പിക്കുകയും ചെയ്യുക. അയൽ വാസികളോട് നല്ല രീതിയിൽ വർത്തിക്കുക. സഹോദരന്മാരോട് സദ്പെരുമാറ്റവും കാണിക്കുക. ശിർക്കിൽ നിന്നും ആദ്യമേ തന്നെ രക്ഷപ്പെടാൻ ശ്രമിക്കുക. തഖ്‌വയുടെ തുടക്കം ഇതാണ്. - ഈ തിന്മകളെല്ലാം ഉണ്ടാകാനുള്ള അടിസ്ഥാന കാരണം നിഗൂഢമായ ശിർക്ക് ഉള്ളത്കൊണ്ടാണ്. അല്ലാഹുവിനെക്കുറിച്ചുള്ള യഥാർത്ഥ ഭയമുണ്ടെങ്കിൽ, എന്റെ എല്ലാ പ്രവർത്തനവും അവൻ കാണുന്നുണ്ടെന്ന ചിന്തയുണ്ടെങ്കിൽ ഒരിക്കലും തന്നെ തിന്മയിലേക്ക് മനുഷ്യനെ പ്രേരിപ്പിക്കുന്ന പ്രവർത്തനങ്ങൾ അവന് ചെയ്യാനേ സാധ്യമല്ല.

അല്ലാഹു പറയുന്നു: മറ്റുള്ളവരുടെ ന്യൂനതകൾ വെളിപ്പെടുത്തുന്നതിനെ ശക്തമായ ഭാഷയിൽ അല്ലാഹു വിലക്കുന്നുണ്ട്. അല്ലാഹു പറയുന്നു:

يَا أَيُّهَا الَّذِينَ آمَنُوا اجْتَنِبُوا كَثِيرًا مِّنَ الظَّنِّ إِنَّ بَعْضَ الظَّنِّ إِثْمٌ وَلَا تَجَسَّسُوا وَلَا يَغْتَب بَّعْضُكُم بَعْضًا أَيُحِبُّ أَحَدُكُمْ أَن يَأْكُلَ لَحْمَ أَخِيهِ مَيْتًا فَكَرِهْتُمُوهُ وَاتَّقُوا اللَّهَ إِنَّ اللَّهَ تَوَّابٌ رَّحِيمٌ

വിശ്വസിച്ചവരെ! ഊഹങ്ങളിൽ അധികവും നിങ്ങൾ ഒഴിവാക്കുവിൻ. ചില ഊഹങ്ങൾ കുറ്റകരമാണ്. നിങ്ങൾ ചുഴിഞ്ഞുനോക്കരുത്. നിങ്ങളിൽ ആരും മറ്റുള്ളവരെക്കുറിച്ച് പരദൂഷണം പറയരുത്. നിങ്ങളിലാരെങ്കിലും തന്റെ മരിച്ചുകിടക്കുന്ന സഹോദരന്റെ മാംസം ഭക്ഷിക്കാനിഷ്ടപ്പെടുമോ? അത് നിങ്ങൾ വെറുക്കുന്നുവല്ലോ? അല്ലാഹുവിന്റെ തഖ്‌വ സ്വായത്തമാക്കുക. അല്ലാഹു തൗബ കൂടുതലായി സ്വീകരിക്കുന്നവനും വീണ്ടും വീണ്ടും കരുണ ചൊരിയുന്നവനുമാണ്. (49:13)

ഈ ആയത്തിൽ പറയപ്പെട്ടിരിക്കുന്ന ഊഹങ്ങൾ ദുർധാരണക്ക് കാരണമായിത്തീരുന്നതാണ്. ലോകത്ത് തിന്മകൾ പരത്തുന്നതിന് ദുർധാരണക്ക് വലിയ പങ്കുണ്ട്. ദുർധാരണകാരണമായാണ് മറ്റുള്ളവരുടെ ന്യൂനതകൾ ചികഞ്ഞന്വേഷിച്ചുകൊണ്ടിരിക്കുന്നത്. അങ്ങനെ അവനെ നിന്ദിക്കാനും അവഹേളിക്കാനും കഴിയുന്നതാണ്. അതുകൊണ്ട് പരസ്പരമുള്ള പ്രശ്നങ്ങൾ അറിയാനായി ചുഴിഞ്ഞ

ന്വേഷണം അല്ലാഹുവിന് ഇഷ്ടമില്ല. ഇങ്ങനെ ഒരാളുടെ ന്യൂനത നിങ്ങൾ അന്വേഷിച്ച് കണ്ടെത്തിയാൽ അടുത്ത പരിപാടി സദസ്സിലിരുന്ന് മറ്റുള്ളവനെക്കുറിച്ച് പരദൂഷണം പറയുക എന്നതാണ്. മറ്റുള്ളവരെക്കുറിച്ച് നിങ്ങൾ അറിഞ്ഞിരിക്കുന്ന കാര്യങ്ങൾ, അത് ആ വ്യക്തിയെ താറടിച്ചുകാണിക്കാൻ പ്രാപ്തമായതായിരിക്കാം, അത് പറയുന്നത് ഗീബത്താണ്, പരദൂഷണമാണ്. അല്ലാഹു മറയിടുന്നവനാണ്. അല്ലാഹു മറച്ചുവെച്ചിരിക്കുന്ന കാര്യങ്ങൾ നിങ്ങൾ ചികഞ്ഞന്വേഷിച്ച് പുറത്തേക്ക് കൊണ്ടുവരികയും അതിന്റെ പ്രചാരകരായി നിങ്ങൾ മാറുകയും ചെയ്യുന്നു. ഇത് അല്ലാഹുവിന് തീരെ ഇഷ്ടമില്ലാത്ത പ്രവർത്തിയാണ്. അല്ലാഹു മറച്ചുവെച്ചിരിക്കുന്ന കാര്യങ്ങൾ വെളിപ്പെടുത്താൻ ഒരു മനുഷ്യനും അവകാശമില്ല. അതുകൊണ്ടാണ് ഞാൻ നേരത്തെ കേൾപ്പിച്ച ഹദീസിൽ പറഞ്ഞിരിക്കുന്നത്, മറ്റുള്ളവരുടെ ന്യൂനത വെളിപ്പെടുത്തുന്നവനെ ശിക്ഷിക്കും എന്ന്. ന്യൂനതകൾ മറച്ചുവെക്കാതെ സമൂഹത്തിനുമുമ്പാകെ മറ്റുള്ളവരുടെ ന്യൂനതകൾ വെളിപ്പെടുത്തുകയും അവരെ നഗ്നരാക്കിക്കാണിക്കുകയും ചെയ്യുമ്പോൾ സമൂഹത്തിൽ കുഴപ്പങ്ങൾ തലപൊക്കുന്നു. ആരെക്കുറിച്ചാണോ രഹസ്യങ്ങൾ അന്വേഷിച്ച് വെളിപ്പെടുത്തുന്നത് അദ്ദേഹം ഈ വെളിപ്പെടുത്തലിനെ ശക്തമായ രീതിയിൽ പ്രതികരിച്ചേക്കാം. അതുകാരണം ശത്രുത വർദ്ധിച്ചുകൊണ്ടിരിക്കും. പരസ്പരം സ്നേഹത്തോടും സൗഹാർദ്ധത്തോടും വർത്തിക്കാനാണ് അല്ലാഹു കൽപിക്കുന്നത്. റുഹമാഉബൈനഹും പരസ്പരം കാരുണ്യത്തിൽ വർത്തിക്കുന്ന മാതൃകയാണ് നിങ്ങളിൽ നിന്നും ഉണ്ടാകേണ്ടത്. മറ്റൊരു കാര്യം ആരെക്കുറിച്ചാണോ പരദൂഷണം പറയപ്പെട്ടത്. അതുകാരണം അദ്ദേഹത്തിന്റെ അടുത്ത ബന്ധുക്കളുമായുള്ള ബന്ധം വഷളാകാനും പരസ്പരം അകലാനും ഇടവരുന്നു. ന്യൂനതകൾ വെളിപ്പെടുത്തുമ്പോൾ ആദ്യം മറുവിഭാഗവും കോപാകുലരാകുകയും തമ്മിൽ സംഘട്ടനങ്ങൾ നടക്കുകയും ചെയ്യും. രണ്ടാമത്തെ കാര്യം ഈ കാര്യം വെളിപ്പെടുത്തുന്നതുകൊണ്ട് സൗഹാർദ്ദത്തിൽ വർത്തിച്ചവർ തമ്മിൽ, ഇണങ്ങി നിന്ന ഹൃദയങ്ങൾ തമ്മിൽ പിണങ്ങിപ്പിരിയാൻ കാരണമാവുകയും ചെയ്യുന്നതാണ്. ഉദാഹരണം നിങ്ങളുടെ ഈ ബന്ധു, അതല്ലെങ്കിൽ നിങ്ങളുടെ ഈ കൂട്ടുകാരൻ ഇന്ന സമയത്ത് ഈ സ്ഥലത്ത് വെച്ച് ഇത് പറഞ്ഞു എന്ന് വെളിപ്പെടുത്തുന്നു. ആ വ്യക്തി ഏതെങ്കിലും സമയത്ത് ആ വ്യക്തിയെക്കുറിച്ച് പരദൂഷണം പറഞ്ഞിട്ടുണ്ടെങ്കിൽ തന്നെ കേട്ട വ്യക്തി അപ്പോൾ തന്നെ എന്തുകൊണ്ട് പറഞ്ഞ വ്യക്തിയെ ഇസ്‌ലാഹ് വരുത്തിയില്ല. പ്രശ്നം അവിടെത്തന്നെ അവസാനിപ്പിക്കേണ്ടതായിരുന്നു. ഇനി ഇക്കാര്യം പറഞ്ഞ് മനസ്സിലാക്കിക്കൊടുക്കാനുള്ള കഴിവില്ലെങ്കിൽ അല്ലാഹു അവന്റെ ഇസ്‌ലാഹ് വരുത്തുവാനായി എന്തുകൊണ്ട് ദുആ ചെയ്തില്ല. എന്നാൽ ഇപ്പോൾ കേട്ടകാര്യം മറ്റുള്ളവരുടെ മുമ്പാകെ പറഞ്ഞുകൊണ്ട് ഈ പറയുന്ന വ്യക്തി പരദൂഷണം നടത്തുകയാണ് ചെയ്യുന്നത്. പരദൂഷകൻ പരദൂഷണം പറഞ്ഞുകൊണ്ട് കുറ്റക്കാരനാകുന്നതോടൊപ്പം സമൂഹത്തിൽ ഫസാദ് ഉണ്ടാകുന്നതിന് കാരണക്കാരനായിത്തീരുകയും ചെയ്യുന്നു. ഫസാദിനെക്കുറിച്ച് അല്ലാഹു പറയുന്നത് ഈ ഫിത്ന കൊലയെക്കാളും മാരകമായ പ്രവർത്തിയാണെന്നാണ്. പരദൂഷകൻ സമൂഹത്തിൽ ഫിത്നക്ക് കാരണമാകുന്നതോടൊപ്പം തിന്മ പരത്തുന്നതിനും കാരണക്കാരനായി മാറുന്നു. പറയുന്ന കാര്യങ്ങൾ തിന്മയാണെങ്കിൽ ബലഹീനവിശ്വാസികൾക്ക്, അതല്ലെങ്കിൽ യുവാക്കൾക്ക് ആ തിന്മ ചെയ്യാൻ അത് പ്രേരണ നൽകുന്നു അവർക്ക് അങ്ങനെ ചെയ്യാമെങ്കിൽ നമുക്കും എന്തുകൊണ്ട് ചെയ്തുകൂടാ എന്നവർ ചിന്തിക്കുന്നു.

അല്ലാഹു പറയുന്നു.

إِنَّ الَّذِينَ يُحِبُّونَ أَن تَشِيعَ الْفَاحِشَةُ فِي الَّذِينَ آمَنُوا لَهُمْ عَذَابٌ أَلِيمٌ فِي الدُّنْيَا وَالْآخِرَةِ وَاللَّهُ يَعْلَمُ وَأَنتُمْ لَا تَعْلَمُونَ

വിശ്വസിച്ചവരിൽ ലജ്ജാകരമായ കാര്യങ്ങൾ പ്രചരിക്കുന്നത് ഇഷ്ടപ്പെടുന്നവർക്ക് ഇഹത്തിലും പരത്തിലും വേദനാജനകമായ ശിക്ഷ ലഭിക്കുന്നതാണ്. (24:20)

അല്ലാഹു തന്റെ ദാസരുടെ ന്യൂനതകൾ മറച്ചുവെക്കുന്നതിനേയും അവർക്ക് പൊറുത്തു കൊടുക്കുന്നതിനേയും ഇഷ്ടപ്പെടുന്നു. എന്നാൽ ന്യൂനതകൾ മറനീക്കി പുറത്ത് കൊണ്ട് വന്ന് ലജ്ജാകരമായ പ്രവർത്തനങ്ങൾ സമൂഹത്തിൽ വ്യാപകമാക്കുന്നതിന് ശ്രമിക്കുന്നവരെക്കുറിച്ചും തിന്മക്ക് പ്രചാരം നൽകി വിശ്വാസികൾക്കിടയിൽ തിന്മ പരത്താൻ ആഗ്രഹിക്കുകയും ചെയ്യുന്ന വ്യക്തിക്ക് - ഇതിൽ രഹസ്യമായി വ്യക്തികളോട് പരദൂഷണം പറയുന്നവരും സദസ്സിൽ പരദൂഷണം പറയുന്നവരും ഉൾപ്പെടുന്നതാണ്. - ഈ ലോകത്തും പരലോകത്തും ശിക്ഷ ലഭിക്കുന്നതാണെന്ന് പറയുന്നു. സമൂഹത്തിൽ പരസ്യമായി തിന്മകളെക്കുറിച്ച് ചർച്ചകൾ നടക്കുകയും അത് പരസ്യപ്പെടുത്തുകയും ചെയ്യുമ്പോൾ മറ്റുള്ളവരുടെ നഗ്നത വെളിപ്പെടുത്താൻ തുടങ്ങിയാൽ ലജ്ജാശീലം തന്നെ സമൂഹത്തിൽ നിന്നും ഇല്ലാതെയായിത്തീരുന്നു. പാശ്ചാത്യസമൂഹത്തിൽ പരസ്യമായി ചില നാണംകെട്ട പ്രവർത്തനങ്ങൾ നടക്കുവാനുള്ള കാരണം ലജ്ജ എന്നൊന്ന് ഇവിടെ ഇല്ലാതായിപ്പോയിരിക്കുന്നു. ഇപ്പോൾ ടെലിവിഷനും മറ്റുമാധ്യമങ്ങളും ലോകത്തെ ആകമാനം ലജ്ജയില്ലാത്തവരാക്കി മാറ്റിക്കൊണ്ടിരിക്കുന്നു. ഇതിനാണ് സ്വാതന്ത്ര്യം എന്നിവർ പറയുന്നത്. ഈ വൃത്തികേടും നഗ്നതയും അടുത്ത തലമുറയിലേക്ക് ചേക്കേറുകയും ചെയ്യുന്നു. ചില സ്ഥലങ്ങളിൽ ചില അഹ്മദികളും ഇതിൽ ഉൾപ്പെട്ടു പോകുന്നു എന്നതാണ് ദുഃഖകരം. ഇസ്‌ലാം പർദ്ദയെകുറിച്ചും ലജ്ജയെക്കുറിച്ചും വളരെ പ്രാധാന്യം നൽകാനുള്ള കാരണം ഇതുതന്നെയാണ്. അതോടൊപ്പം മറ്റുള്ളവരോട് പറഞ്ഞത് നിങ്ങൾ മറ്റുള്ളവരുടെ ന്യൂനതകൾ അന്വേഷിച്ച് നടക്കരുത്. അതിനെ വ്യാപിപ്പിക്കുകയും ചെയ്യരുത്. വല്ലവരുടേയും വല്ല ന്യൂനതയും അറിയാൻ കഴിഞ്ഞാൽ തന്നെ, ആ വ്യക്തി ആ തെറ്റ് ചെയ്തുകൊണ്ടേ ഇരിക്കുന്നുണ്ടെങ്കിൽ അവൻ അത് പ്രത്യക്ഷമായും ചെയ്യുന്നുണ്ടെങ്കിൽ ജമാഅത്തിന്റെ സംവിധാനത്തോടും അതുമായി ബന്ധപ്പെട്ട ഭാരവാഹിയോടും കാര്യങ്ങൾ ധരിപ്പിച്ച് പിന്നെ മിണ്ടാതിരിക്കുക. നിങ്ങളുടെ കടമ ഇതോടെ കഴിഞ്ഞു. അവർക്ക് വേണ്ടി നിങ്ങൾ പ്രാർത്ഥിച്ചുകൊണ്ടിരിക്കണം ഇതല്ലാതെ അദ്ദേഹത്തിന്റെ തെറ്റുകൾ പറഞ്ഞു പരത്തുന്നവരായി നിങ്ങൾ മാറിയാൽ നിങ്ങൾ തഖ്‌വയിൽ നിന്നും അകന്നുപോകുകയാണ് ചെയ്യുന്നത് എന്ന് മനസ്സിലാക്കുക. ഏതെങ്കിലും വ്യക്തിയെക്കുറിച്ചുള്ള ന്യൂനത യാദൃശ്ചികമായി അറിയാൻ കഴിയുകയും എന്നാൽ ആ വ്യക്തി അതിൽ നിന്ന് തൗബ ചെയ്ത് മടങ്ങുകയും ചെയ്തെങ്കിലും ആ വ്യക്തിയെ ഇകഴ്ത്തിക്കാണിക്കാനായി വല്ല അവസരവും ലഭിച്ചാൽ ആ തെറ്റിനെ എടുത്ത് പറയുകയാണെങ്കിൽ അവന്റെ മറനീക്കുക എന്ന തെറ്റു മാത്രമല്ല അവൻ ചെയ്യുന്നത് മറിച്ച് അല്ലാഹു പറയുന്നത് തന്റെ മരിച്ചു കിടക്കുന്ന സഹോദരന്റെ മാംസം ഭക്ഷിക്കുന്നത് പോലെയാണതെന്നാണ്. സമൂഹത്തെ സർവ്വവിധ ഫസാദിൽ നിന്നും രക്ഷപ്പെടുത്തുന്നതിന്നായും തങ്ങളെ നരകാഗ്നിയിൽ

നിന്നും രക്ഷപ്പെടുത്തുന്നതിന് വേണ്ടിയും മറ്റുള്ളവരുടെ ന്യൂനതകൾ മറച്ചുവെക്കേണ്ടത് അനിവാര്യമാണ്. എന്നാൽ ഞാൻ പറഞ്ഞതുപോലെ ഇസ്‌ലാഹ് വരുത്തുവാനുദ്ദേശിച്ചാണെങ്കിൽ ദുആ ചെയ്തുകൊണ്ട് ബന്ധപ്പെട്ട ഭാരവാഹികളെ അതറിയിക്കേണ്ടതാണ്. ആ ന്യൂനത അവസാനിക്കുന്നില്ലെങ്കിലാണ് ഇത് ചെയ്യേണ്ടത്. പിന്നീട് ഭാരവാഹികൾ രഹസ്യമായിവെച്ച് കൊണ്ട് എല്ലാ പ്രശ്നങ്ങളും പരിഹരിക്കാനായി ശ്രമിക്കേണ്ടതാണ്. ആരെങ്കിലും തിന്മയിൽ അള്ളിപ്പിടിച്ചിരിക്കുന്നില്ലെങ്കിൽ ഈ കാര്യം പുറത്ത് ആരും അറിയാത്ത രീതിയിൽ കൈകാര്യം ചെയ്യേണ്ടത് ഭാരവാഹിയുടെ കടമയാണ്.

ഹദ്റത്ത് മസീഹ് മൗഊദ് (അ) അരുളുന്നു.“നമ്മുടെ ജമാഅത്തിലുള്ളവർ ചെയ്യേണ്ടത് ഏതെങ്കിലും സഹോദരന്റെ ന്യൂനത കാണിക്കുകയാണെങ്കിൽ അവർക്ക് വേണ്ടി ദുആ ചെയ്യുക എന്നതാണ്. എന്നാൽ പ്രാർത്ഥിക്കാതെ അത് പറഞ്ഞുപരത്തിക്കൊണ്ട് അതിനെ വലുതാക്കുകയാണെങ്കിൽ തെറ്റാണ് ചെയ്യുന്നത്. ദൂരീകരിക്കാൻ പറ്റാത്ത എന്ത് ന്യൂനതയാണുള്ളത്. അതുകൊണ്ട് പ്രാർത്ഥനയിലൂടെ തന്റെ സഹോദരനെ സഹായിക്കേണ്ടതാണ്. ഹദ്റത്ത് റസൂലുല്ലാഹി(സ)യോട് പരദൂഷണ (ഗീബത്ത്) ത്തെക്കുറിച്ച് ചോദിച്ചപ്പോൾ പറഞ്ഞത് ആരെയെങ്കിലും കുറിച്ച് അദ്ദേഹത്തിൽ ഉള്ള കാര്യംതന്നെ അദ്ദേഹം ഇല്ലാത്ത അവസരത്തിൽ അദ്ദേഹം സന്നിഹിതനായാൽ അത് കേൾക്കാൻ ഇഷ്ടപ്പെടാത്ത രീതിയിൽ വിവരിക്കുക എന്നതാണ്. ഇതാണ് ഗീബത്ത്. ഇനി ആ വ്യക്തിയിൽ ഇല്ലാത്ത ഒരു കാര്യമാണ് നീ പറയുന്നതെങ്കിൽ അതിന്റെ പേര് ബുഹ്താൻ (കറ്റുകെട്ട്) എന്നാണ്. ”അല്ലാഹു പറയുന്നു.

وَلَا يَغْتَب بَّعْضُكُم بَعْضًا أَيُحِبُّ أَحَدُكُمْ أَن يَأْكُلَ
لَحْمَ أَخِيهِ مَيْتًا

ഇവിടെ ഗീബത്ത് പറയുന്നതിനെ ഒരു സഹോദരന്റെ മാംസം ഭക്ഷിക്കുന്നതിനോടാണ് ഉപമിച്ചിരിക്കുന്നത്.

ഹദ്റത്ത് മസീഹ് മൗഊദ് (അ) അരുളുന്നു: ഇപ്പോൾ ജമാഅത്ത് പ്രാരംഭഘട്ടത്തിലാണ്. (ഇത് തുടക്കത്തിലുള്ള കാര്യമാണ്. എന്നാൽ ഇപ്പോൾ 120 വർഷം പിന്നിട്ടിരിക്കുന്നു. നബിയുടെ കാലഘട്ടത്തിൽ നിന്നും വളരെയധികം പിന്നിടുമ്പോൾ വീണ്ടും പല ന്യൂനതകളും ആ സമൂഹത്തിൽ തിരിച്ചു വരുന്നു. അല്ലാഹുവിന്റെ അനുഗ്രഹത്താൽ ജമാഅത്തിന്റെ അംഗസംഖ്യ വർദ്ധിക്കുന്നതനുസരിച്ച്, വിവിധ തരക്കാർ ഇതിൽ പ്രവേശിച്ചുകൊണ്ടിരിക്കുന്നു. ചിലർ തങ്ങളുടെ ന്യൂനതകൾ പൂർണ്ണമായും ഒഴിവാക്കാതെ ഇതിൽ പ്രവേശിക്കുന്നു. ചില പഴയ അഹ്മദികൾ ശരിയായ അർത്ഥത്തിൽ ഇതനുസരിച്ച് ജീവിക്കുകയോ തഖ്‌വ ഉൾക്കൊള്ളുകയോ ചെയ്യാത്തതുകാരണം തിന്മകൾ വ്യാപിക്കുന്നു മാത്രമല്ല ഈ കാലം വളരെ അപകടം പിടിച്ചതാണ്. അതുകൊണ്ട് ഈ അപായ സമയത്ത് നാം നമ്മുടെ ഇസ്‌ലാഹിന് വേണ്ടി കൂടുതൽ ശ്രമിക്കേണ്ടതാണ്. ഹദ്റത്ത് മസീഹ് മൗഊദ് (അ) പറഞ്ഞ കാര്യങ്ങൾ ശ്രദ്ധാപൂർവ്വം കേൾക്കുകയും അതോർത്തുകൊണ്ട് അതനുസരിച്ച് പ്രവർത്തിക്കുകയും ചെയ്യേണ്ടതാണ്. ആ മഹാത്മാവ് അരുളുന്നു). ചില ബലഹീനതകൾ ജമാഅത്തിലുണ്ട്. ചിലർ മാരകമായ രോഗത്തിൽ നിന്നും മുക്തി പ്രാപിച്ചുവന്നവരാണ്. ചിലർക്ക് ആരോഗ്യം ലഭിച്ചിരിക്കുന്നു. അതുകൊണ്ട് ബലഹീനരായി കാണുന്നവരെ രഹസ്യമായി ഉപദേശിക്കുക. യഥാർത്ഥ ആത്മാർത്ഥത ജമാഅത്തിനോടുണ്ടെങ്കിൽ, ഇസ്‌ലാഹ് ഉദ്ദേശിക്കുന്നുണ്ടെങ്കിൽ ബലഹീനനായ തന്റെ സഹോദരന്റെ ന്യൂനതകൾ വെളിപ്പെടുത്തുന്നതിന് പകരം, അവന്റെ തിന്മകൾ പരസ്യപ്പെടുത്തുന്നതിന് പകരം അവനെ രഹസ്യമായി വിളിച്ച് ഉപദേശിക്കുക. സാഹോദര്യത്തോടും സഹതാപത്തോടും കൂടി കാര്യങ്ങൾ പറഞ്ഞ് മനസ്സിലാക്കിക്കൊടുക്കുക. അംഗീകരിക്കുന്നില്ലെങ്കിൽ അവർക്കായി പ്രാർത്ഥിക്കുക. ഇതുകൊണ്ടൊന്നും ഫലമില്ലെങ്കിൽ ദൈവവിധിയായിക്കരുതുക. അല്ലാഹു അവരെ സ്വീകരിച്ചിരിക്കെ ഏതെങ്കിലും വ്യക്തിയിൽ ന്യൂനത കണ്ട ഉടനെ നിങ്ങൾ അവരോട് വിരോധം പ്രകടിപ്പിക്കരുത്. അവർ ഒരു പക്ഷെ ശരിയായി വന്നേക്കാം.

ഞാൻ നേരത്തെ പറഞ്ഞതുപോലെ ഇപ്പോൾ ജമാഅത്ത് സംവിധാനം സജീവമായതുകൊണ്ട് അവിടെയും കാര്യങ്ങൾ ധരിപ്പിക്കാവുന്നതാണ്. ജമാഅത്തിന്റെ സംവിധാനം ഇങ്ങനെയുള്ള കാര്യങ്ങൾ പരമരഹസ്യമാക്കിവെച്ചുകൊണ്ട് കൈകാര്യം ചെയ്യേണ്ടതാണ്. ലോകത്തിന് അറിയുന്ന വിധത്തിൽ ആകരുത്.

ഹദ്റത്ത് മസീഹ് മൗഊദ് (അ) അരുളുന്നു. പല കള്ളന്മാരും വ്യഭിചാരികളും അവസാനം ഖുത്വ്ബീങ്ങളും അബ്ദാലിംങ്ങളു മെല്ലാം ആയിത്തീർന്നിട്ടുണ്ട്. അതുകൊണ്ട് പെട്ടെന്ന് ആളുകളെ ഉപേക്ഷിക്കുക എന്നത് നമ്മുടെ ശൈലിയല്ല. ആരുടെയെങ്കിലും കുട്ടി ദുർനടപ്പുകാരനായാൽ അവനെ നന്നാക്കുന്നതിനായി തന്റെ കഴിവിന്റെ പരമാവധി അവൻ ശ്രമിക്കുന്നു. അതുപോലെ നിങ്ങളുടെ ഒരു സഹോദരനേയും നിങ്ങൾ പെട്ടെന്ന് ഉപേക്ഷിക്കരുത്. അവന്റെ ഇസ്‌ലാഹിനായി പരിശ്രമിക്കേണ്ടതാണ്. ന്യൂനതകൾ കണ്ടാൽ അത് പ്രചരിപ്പിക്കുകയും മറ്റുള്ളവരോട് പറഞ്ഞുനടക്കുകയും ചെയ്യുക എന്നതല്ല വിശുദ്ധഖുർആന്റെ അദ്ധ്യാപനം. അത് പറയുന്നത്

وَتَوَاصَوْا بِالصَّبْرِ وَتَوَاصَوْا بِالْمَرْحَمَةِ

ക്ഷമയോടും കാരുണ്യത്തോടും കൂടി അവർ ഉപദേശിക്കുന്നു. മർഹമ: എന്നതിന്റെ വിവക്ഷ മറ്റുള്ളവരുടെ ന്യൂനത കണ്ടാൽ അവരെ ഉപദേശിക്കുകയും അവർക്കായി പ്രാർത്ഥിക്കുകയും ചെയ്യുക എന്നതാണ്. ദുആയിൽ വലിയ സ്വാധീന ശക്തിയുണ്ട്. ഒരാളുടെ ന്യൂനത നൂറ് പ്രാവശ്യം പറയുകയും എന്നാൽ അയാൾക്ക് വേണ്ടി ഒരു പ്രാവശ്യം പോലും പ്രാർത്ഥിക്കുകയും ചെയ്യാത്ത വ്യക്തിയിൽ അഹോ കഷ്ടം. ഒരാളുടെ ന്യൂനത പറയണമെങ്കിൽ ആദ്യം ചുരുങ്ങിയത് നാൽപ്പത് ദിവസം അവർക്കായി കരഞ്ഞുകരഞ്ഞു കൊണ്ട് ദുആ ചെയ് തിരിക്കേണ്ടതാണ്. നിങ്ങൾ അല്ലാഹുവിന്റെ സ്വഭാവഗുണങ്ങൾ സ്വായത്തമാക്കാൻ ശ്രമിക്കേണ്ടതാണ്. നിങ്ങൾ ന്യൂനതകളെ സഹായിക്കുന്നവരായിത്തീരണം എന്നതല്ല നമ്മുടെ ഉദ്ദേശം. ന്യൂനതകളെ പരസ്യപ്പെടുത്തുകയോ പരദൂഷണം പറയുകയോ ചെയ്യരുത്. അല്ലാഹുവിന്റെ ഗ്രന്ഥത്തിൽ അത് പ്രചരിപ്പിക്കുന്നതും പരദൂഷണം പറയുന്നതും പാപമാണെന്ന് വന്നിട്ടുണ്ട്.

ശൈഖ് സഅ്ദിക്ക് രണ്ട് ശിഷ്യന്മാരുണ്ടായിരുന്നു. അതിൽ ഒരാൾ ആത്മീയ ജ്ഞാനങ്ങൾ വിവരിക്കുന്ന ആളായിരുന്നു. അറിവുള്ള ആളായിരുന്നു. മറ്റവൻ പല തെറ്റുകളും ചെയ്യുകയും ചെയ്തിരുന്നു. ആദ്യത്തെ ശിഷ്യൻ ശൈഖ് സഅദിയോട് പറഞ്ഞു ഞാൻ എന്തു തന്നെ വിവരിക്കുമ്പോഴും മറ്റവൻ അസൂയപ്പെടുകയും എന്നെ വെറുക്കുകയും ചെയ്യുന്നു. ഇത് കേട്ട് ശൈഖ് സഅ്ദി ഇപ്രകാരം മറുപടി നൽകി. ഒരുവൻ നിന്നോട് അസൂയ കാണിച്ച് കൊണ്ട് നരകത്തിലേക്കുള്ള പാത സ്വീകരിച്ചിരിക്കുന്നു. നീ അവനെക്കുറിച്ച് പരദൂഷണം പറയുകയും ചെയ്തു.

ചുരുക്കത്തിൽ കാരുണ്യവും പ്രാർത്ഥനയും ന്യൂനതകൾ മറച്ചു

വെക്കലും പരസ്പരം മർഹമയും ഇല്ലാത്തിടത്തോളം കാലം ഈ പ്രസ്ഥാനം മുന്നോട്ട് പോകുന്നതല്ല. ഈ അവസ്ഥകൾ ജമാഅത്തിൽ നാം ഉണ്ടാക്കി എടുക്കേണ്ടതാണ്. ജമാഅത്ത് വികസിക്കുന്നതനുസരിച്ച് പ്രത്യേക പരിശ്രമത്തിലൂടെ ഈ അവസ്ഥ ഉണ്ടാക്കി എടുക്കാൻ ശ്രമിക്കേണ്ടതാണ്. തർക്കങ്ങളെ കൂടുതൽ മുന്നോട്ട് കൊണ്ടുപോകുകയല്ല വേണ്ടത്. ദുആയെക്കുറിച്ചും سَتَّارِيَتْ നെക്കുറിച്ചും ഹദ്റത്ത് മസീഹ് മൗഊദ് (അ) വിവിധ സ്ഥലങ്ങളിലായ ജമാഅത്തിനെ ഉപദേശിച്ചിട്ടുണ്ട്. ഈ അധ്യാപനങ്ങളനുസരിച്ച് അല്ലാഹുവിന്റെ سَتَّارِيَتْ ന്റെ ഗുണം ഉൾകൊണ്ട് കൊണ്ട് ജീവിക്കുന്നവരായി മാറാൻ അല്ലാഹു നമുക്ക് തൗഫീഖ് നൽകുമാറാകട്ടെ. അല്ലാഹു ഫള്ൽ ചെയ്തുകൊണ്ട് എല്ലാ തിന്മകളോടും നമ്മുടെ ഹൃദയത്തിൽ വെറുപ്പ് ഇട്ടു തരുമാറാകട്ടെ. എപ്പോഴും നന്മയിൽ മുന്നേറുന്നവരായി നാം മാറട്ടെ. ഹദ്റത്ത് മസീഹ് മൗഊദ് (അ)ന്റെ ആഗമനോദ്ദേശം പൂർത്തിയാക്കുന്നവരായി നാം മാറട്ടെ.

---

**വിവർത്തനം**
എം. നാസിർ അഹ്മദ്, കൊടിയത്തൂർ
മുബല്ലിഗ് - എറണാകുളം
**PHONE : 94461 51197**

**KHUTHBA:**
**HADHRAT MIRZA MASROOR AHMAD**
**KHALIFATHUL MASIH - V**
**on 27-03-2009 at**
**Baitul Futuh**
**London**

Page Layout & Type Set: Majlis Khuddamul Ahmadiyya, Kakkanad
Published by : **Majlis Khuddamul Ahmadiyya, Kerala**